**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4732** **20-07-2022 - ൽ മറുപടിയ്ക്ക്**

**അളഗപ്പനഗർ ഗവ.എച്ച്.എസ്. ന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട അളഗപ്പനഗർ ഗവ. എച്ച്.എസ്. ന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭിച്ച് മാസങ്ങൾ പിന്നിട്ടിട്ടും നിർമ്മാണം ഇനിയും ആരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തിയുടെ എഗ്രിമെന്റ് 23.12.2020-ൽ നടത്തുകയും കരാറുകാരനായ ശ്രീ.ടി.എ. അബൂബക്കർ എന്നവർക്ക് 31.12.2020-ന് സ്ഥലം കൈമാറുകയും ചെയ്തിരുന്നു. |
| (ബി) | കരാറുകാരൻ പ്രവൃത്തി ചെയ്യാൻ തയ്യാറാകാതെ ബഹു:കോടതിയെ സമീപിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത കേസ് കാലതാമസമില്ലാതെ തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സ്കൂൾ കെട്ടിട നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;വിശദാംശം നൽകുമോ? | (ബി) | ബഹു.മാനപ്പെട്ട പുതുക്കാട് എം.എൽ.എ ശ്രീ.കെ.കെ.രാമചന്ദ്രൻ അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രവൃത്തിയുടെ സ്ഥലം (പുതിയ കെട്ടിട നിർമ്മാണം) പഴയ സ്കൂൾ കെട്ടിടം പൊളിച്ചു മാറ്റി ആ സ്ഥലത്തേയ്ക്ക് മാറ്റണമെന്ന് നിർദ്ദേശിച്ചു. 05.07.2021-ലെ പ്രിൻസിപ്പാളുടെ കത്തു പ്രകാരം പ്രവൃത്തിയുടെ സാങ്കേതികാനുമതി എസ്റ്റിമേറ്റ് പ്രകാരം അംഗീകരിച്ചു തന്ന സ്കൂൾ പണിയുന്നതിനുള്ള സൈറ്റ്, പഴയ സ്കൂൾ കെട്ടിടത്തിന്റെ സ്ഥാനത്തേയ്ക്ക് മാറ്റണമെന്നും ആവശ്യപ്പെട്ടു. പഴയ സ്കൂൾ കെട്ടിടം ഗ്രാമപഞ്ചായത്ത് പൊളിച്ചു നീക്കുകയും, അതിനു ശേഷം മുമ്പ് അംഗീകരിച്ച പ്ലാനിൽ നിന്നും അധികം മാറ്റങ്ങളില്ലാതെ പുതിയ പ്ലാനും, സൈറ്റ് പ്ലാനും തയ്യാറാക്കുകയും ആയത് സ്കൂൾ പ്രിൻസിപ്പാൾ അംഗീകരിച്ചു നൽകുകയും ചെയ്തിരുന്നു. അതിനു ശേഷം പ്രവൃത്തി ആരംഭിക്കുവാൻ കരാറുകാരന് കത്ത് നൽകിയിരുന്നുവെങ്കിലും പുതിയ റേറ്റ് അനുവദിക്കണമെന്നും അല്ലാത്ത പക്ഷം പ്രവൃത്തി ചെയ്യുന്നതിൽ നിന്നും ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട് കരാറുകാരൻ ബഹു. കേരള ഹൈക്കോടതിയിൽ WP(C)No.5508/2022 പ്രകാരം കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത കേസ് ബഹു.ഹൈക്കോടതിയിൽ വാദം കേട്ടുകൊണ്ടിരിക്കുകയാണ്. കേസ് തീർപ്പാക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ